## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

18.06.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1657

## മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.കെ.ടി. ജലീൽ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ചെറുയാനങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ഏതെല്ലാം മത്സ്യബന്ധന ഉപകരണങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | മത്സ്യസുരക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരമ്പരാഗതയാനങ്ങളും എഞ്ചിനും ഇൻഷ്വർ ചെയ്യാവുന്നതാണ്. വലയ്ക്ക് മാത്രമായി ഇൻഷ്വറൻസ് ഇല്ല. എന്നാൽ ഇൻഷ്വറൻസ് ഉള്ള യാനവും എഞ്ചിനും നഷ്ടപ്പെടുന്നതിനോടൊപ്പം വലയും നഷ്ടപ്പെടുകയാണെങ്കിൽ വലയ്ക്ക് പരമാവധി **20,000/-** രൂപ ഇൻഷ്വറൻസ് സഹായം ലഭിക്കുന്നതാണ്. യാനത്തിനും എഞ്ചിനും വിലയുടെ **75%** ഇൻഷ്വറൻസ് തുകയായി ലഭിക്കുന്നു. |
| (ബി) | കടൽമാക്രികളുടെയും മറ്റും ആക്രമണത്തിൽ മത്സ്യബന്ധന വലകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വലകൾ ഇൻഷ്വർ ചെയ്ത് പരിരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനികൾ മത്സ്യബന്ധന വലകൾക്കു മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് തയ്യാറാകുന്നില്ല. |

സെക്ഷൻ ഓഫീസർ